പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5422 | 31.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ പെൻഷൻ മാനദണ്ഡം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുണ്ടോ ; ഇവരുടെ പെൻഷൻ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | ഉണ്ട്; അംഗൻവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>1 കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂ<br>2 പ്രസ്തുത അംഗം ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം വരുത്താൻ പാടില്ലാത്തതാകുന്നു.<br>3 അംഗൻവാടി വർക്കർ / ഹെൽപ്പർ ആയി കുറഞ്ഞത് 10 വർഷക്കാലം സേവനം ചെയ്തിട്ടുള്ളവർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്. ഇപ്രകാരമുള്ള സേവനത്തിൽ ബാലവാടികളിലെ സേവനവും കണക്കിലെടുക്കുന്നതാണ്.<br>4 അംഗൻവാടി ജീവനക്കാരിക്ക് പെൻഷൻ അനുവദിക്കുന്നതിനായി ടിയാൾക്ക് 62 വയസ്സാകുന്ന ദിവസം ടിയാൾ സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ